പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1778 05.02.2019-ലെ മറുപടിക്ക്

# റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>പോലീസ് വകുപ്പിന് നൽകിയ തുക</u><br><br>1. കരമന - കളിയിക്കാവിള റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനു വേണ്ടി 08/09/2018-ൽ 63,81,145/- രൂപ<br><br>2. പള്ളിപ്പുറം സി.ആർ.പി.എഫിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23/09/2016-ൽ 12,11,680/-രൂപ<br><br>3. പോത്തൻകോട് - വെമ്പായം - പഴകുറ്റി - നെടുമങ്ങാട് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 01/03/2017-ൽ 42,77,321/- രൂപ.<br><br>4. പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | 13/04/2017-ൽ 13,92,087/-രൂപ.<br>പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക<br>1.കരമന - പ്രാവച്ചമ്പലം റോഡ് അപകടവിമുക്തമാക്കുന്നതിന് വേണ്ടി 01/03/2017-ൽ 25,00,000/-രൂപ.<br>ആരോഗ്യവകുപ്പിന് നൽകിയ തുക<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സ്ഥാപിക്കുന്നതിന് വേണ്ടി 29/08/2017-ൽ 38,88,051/- രൂപ |
| (ബി) | റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | മാനദണ്ഡങ്ങൾ<br>1.പദ്ധതികൾ താഴെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ടവയായിരിക്കണം.<br>എ) റോഡ് സുരക്ഷ<br>ബി) ബോധവൽക്കരണം<br>സി) റോഡ് സുരക്ഷാ ഉപകരണങ്ങൾ<br>ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ<br>ഇ) ട്രോമാകെയർ<br>2. റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധന.<br>3. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അംഗീകാരം. |

**സെക്ഷൻ ഓഫീസർ**